

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നായരമ്പലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം **-682030**

ഇ-മെയിൽ**: doekm.ksad@kerala.gov.in**
ഫോൺ **: 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എ-ഇകെഎം(പി5)1474/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/11/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നായരമ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ് എ-ഇകെഎം(പി5)1474/2024 തീയ്യതി: 01/11/2024

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	23-09-2024	01-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2024	01-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി. എം,ഓഡിറ്റ് ഓഫീസർ
ഷൈനി. പി. എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വാലന്റൈൻ കെ ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ
മുഹ്സിന.എ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
നീതു ബിനോദ്. ബി	പ്രസിഡന്റ്	01-04-2023	31-03-2024
ഗായത്രി എം വി	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. അനൂപ്. കെ.ജെ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2023	20-06-2023
ഡോ.സുസ്മിത ബായി	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	21-06-2023	31-03-2024
ദിവ്യ ശശിധരൻ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. സുബി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. അജിത	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	15-08-2023
ഡോ. മന്ന ജോസഫ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	16-08-2023	31-03-2024
ഡോ.മഞ്ജുള കെ. എൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	24-07-2023
ഡോ. ജീന	മെഡിക്കൽ ഓഫീസർ (ഹോമിയോ)	25-07-2023	31-03-2024
അശ്വതി. എ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	01-04-2023	31-03-2024
ശ്രീമതി ജയ പി.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി ഗീതു ഇ. ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,,നായരമ്പലം കിഴക്ക്	01-04-2023	31-03-2024
ശ്രീമതി നീതു വിദ്യൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നായരമ്പലം പടിഞ്ഞാറ്	01-04-2023	31-03-2024
ശ്രീമതി സീതാലക്ഷ്മി ബി. എസ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	04-09-2023
ശ്രീമതി സബീന ടി.എം	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	05-09-2023	31-03-2024
ശ്രീമതി ബിന്ദുജ. കെ.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ജിഷ കാതെറിൻ.ടി. ഡബ്ല്യൂ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	05-05-2023
പ്രീതി മേനോൻ സി	അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്)	06-05-2023	18-07-2023
ജിഷ കാതെറിൻ.ടി. ഡബ്ല്യൂ	അസിസ്റ്റന്റ് സെക്രട്ടറി	19-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-2
4	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	ആസ്തി രജിസ്റ്ററിലെ അപാകതകൾ	1-1-4
6	മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ വ്യത്യാസം	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക നില	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് ബാലൻസ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	ഹരിത കർമസേനയുടെ പ്രവർത്തനം-അവലോകനം	1-10
16	തൊഴിൽ നികുതി - അപാകതകൾ	1-11
17	പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്	1-12
18	ലൈസൻസ് എടുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
19	മൽസ്യ കാപ്പ് ലേലം – അപാകതകൾ	1-14
20	ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-135320/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-15
21	വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.12,13,005/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-16
22	മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.	1-17
23	പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം- തുടർ നടപടികൾ സ്വീകരിച്ചില്ല	1-18
24	വിദ്യാർത്ഥിനികൾക്ക് കായിക പരിശീലന ഉപകരണങ്ങൾ- രേഖകൾ ലഭ്യമാക്കിയില്ല	1-19
25	മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തുടരുന്നു.	1-20
26	കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷുറൻസ് എടുക്കേണ്ടതാണ്	1-21
27	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് പ്രോജക്ടിലെ അപാകതകൾ	1-22
28	ലൈഫ് ഭവന പദ്ധതി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ	1-23
29	മണൽവാട നിർമ്മാണം - അപാകതകൾ	1-24
30	മരം വെട്ടൽ - അപാകതകൾ	1-25
31	മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഇല്ല	1-26
32	സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകതകൾ	1-27
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		

--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സ്ഥിര നിക്ഷേപം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്ടർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **10.06.2024** ലെ **1** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **10.06.2024**-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് -2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം**:** കാക്കനാട്

തീയതി**: 01.11.2024**

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash

Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-2230210 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-3139309 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപ്പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

1-1-5 മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ക്യാപിറ്റൽ കോൺടിബ്യൂഷൻ ഇനത്തിൽ വ്യത്യാസം

മെയിന്റനൻസ് (റോഡ്) ഗ്രാന്റിൽ ₹ 127504/- മൂലധന ചെലവുണ്ട്. എന്നാൽ ഈ മൂലധനച്ചെലവ് ക്യാപിറ്റൽ കോൺടിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല. മെയിന്റനൻസ് (നോൺ റോഡ്) ഗ്രാന്റിൽ മൂലധന ചെലവ് ഇല്ലെങ്കിലും ടി ഗ്രാന്റിൽ നിന്നും ₹ 127504/- ക്യാപിറ്റൽ കോൺടിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 20.03.2023 ലെ (1)1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 30.01.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ബജറ്റ് എസ്റ്റിമേറ്റ്		റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ്
മുന്നിരുപ്പ്	₹16430014.00	₹16430014.00
വരവ്	₹280270000.00	₹316192255.00
ആകെ	₹296700014.00	₹332622269.00
ചെലവ്	₹294639986.00	₹329771626.00
നീക്കിയിരുപ്പ്	₹2060028.00	₹2850643.00

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	4,11,15,437
ഓഡിറ്റ് വർഷത്തെ വരവ്	6,02,25,073
ആകെ	101,340,510
ഓഡിറ്റ് വർഷത്തെ ചെലവ്	6,24,55,283
നീക്കിയിരിപ്പ്	38,885,227

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	ബാങ്ക് നീക്കിയിരിപ്പ്	ലാപ്സായ തുക

വികസന ഫണ്ട് (ജനറൽ)	-	₹18437760	₹18437760	₹16097654		₹23,40,106
വികസന ഫണ്ട് (എസ്.സി.പി)	-	₹10,868,000	₹10,868,000	₹88,85,732	-	₹19,82,268
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	-	₹10683500	₹10683500	₹1183847	-	₹9499653
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	-	₹3496600	₹3496600	₹2912921	-	₹583679
സി.എഫ്.സി – ടൈഡ് ഗ്രാന്റ്	₹2978792	₹2313000	₹5291792	₹1354627	₹3937165	-
സി.എഫ്.സി – ബേസിക്ക് അൺ ടൈഡ് ഗ്രാന്റ്	₹2907126	₹3271769	₹6178895	₹2822861	₹3356034	-
ലൈഫ് സ്റ്റ്റേറ്റ് ഫെയർ 320100160	₹33,00,000	1220000	₹155,00,000	13213000	₹22870000	-
സ്വർണ ജയന്തി റോസ്ഗാർ യോജന 320100180	₹346138	0	₹346138	0	₹346138	-
ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ 320100181	₹1552232	0	₹1552232	₹	₹1552232	-
വിമുക്തി ഗ്രാന്റ് 320100196	₹14460	0	₹14460	0	₹14460	-
ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192	0	₹10,0000	₹10,0000	0	₹10,0000	
ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം 320100196	₹2094803	₹872315	₹2967118	₹711564	₹22,55,554	-
ലിറ്ററസി സ്കീം ഗ്രാന്റ് 320100197	₹2972	₹6445	₹9417	₹6362	₹3055	-
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202	₹96807	₹897394	₹994201	₹853680	₹140521	-
ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ 320100204	₹128889	₹380139	₹509028	₹141530	₹367498	-
ഹോമിയോപ്പതി ക്യാപിറ്റൽ 320200208	₹500000	0	₹500000	₹498833	₹1167	-
ഗ്രാന്റ്സ്, ഫണ്ട്സ്, കോൺട്രിബ്യൂഷൻ-അദർ പർപ്പസസ് 320200399	₹11236		₹11236		₹11236	-
ടോട്ടൽ സാനിട്ടേഷൻ 320300103	₹263131	0	₹263131	0	₹263131	-
മറ്റ് സർക്കാർ ഏജൻസീസ് 320300199	₹243828	₹21807	₹265635	₹21807	₹243828	-
ഗ്രാന്റ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് 320400199	₹10000	0	₹10000	0	₹10000	

1) വികസന ഫണ്ട് ആകെ ചെലവ് ₹14980518/- റവന്യൂ ചെലവും ₹1117136/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

2) സി.എഫ്.സി. ബേസിക് ഗ്രാന്റ് വരവിൽ ₹ 187769/- ബാങ്ക് പലിശ ഉൾപ്പെടുന്നതാണ്.

3) സി.എഫ്.സി. അൺടൈഡ് ഗ്രാന്റ് ചെലവ് ₹772992/- റവന്യൂ ചെലവും ₹581635/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

4)മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ൽ ₹ 127504/ക്യാപിറ്റൽ കോൺട്രീബ്യൂഷൻ ഇനത്തിൽ ചെലവ് വന്നിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിലെ ബി.3 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ ക്യാപിറ്റൽ കോൺട്രീബ്യൂഷൻ ₹ 127504, വാർഷിക ധനകാര്യ പത്രികയിലെ ബി.3 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ടെങ്കിലും ചെലവ് വന്നിട്ടില്ല.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
232	₹1430005592	₹70627314	104	84	44	44.82%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	845	1265478	1266323	1265824	499
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	29577888	29577888	29577888	0
ആകെ	845	30843366	30844211	30843712	499

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷക തൊഴിലാളി പെൻഷൻ	23,82,800	210
വിധവാ പെൻഷൻ	10,451,700	989
വാർദ്ധക്യകാല പെൻഷൻ	24,998,000	2668
വികലാംഗ പെൻഷൻ	27,75,300	254
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	9,41,000	88
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	120,000	4

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2024 ൽ 3.15 പി.എം.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹33,200/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്. കെ.എസ്. ഇ. ബി-ക്ക് 2017 വർഷം മുതൽ നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടത്തി എന്നുറപ്പാക്കുകയും ആയതിന്റെ ചെലവ് കണക്കുകൾ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓഫീസ് ആവശ്യത്തിനായി അഡ്വാൻസ് നൽകിയതിൽ 2020 മുതലുള്ള അഡ്വാൻസ് ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 1993-94 മുതലുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. വിശദ വിവരം ഖണ്ഡിക 4-11-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വായ്പ/ വായ്പാ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിന് ലോൺ

രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

1-10 ഹരിത കർമസേനയുടെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിത കർമസേനയിലൂടെയാണ് നടപ്പാക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ വടക്ക് എടവനക്കാട്, ഏഴിക്കര ഗ്രാമപഞ്ചായത്തുകളും, തെക്ക് ഞാറക്കൽ ഗ്രാമപഞ്ചായത്തും, കിഴക്ക് ഏഴിക്കര, കടമക്കുടി പഞ്ചായത്തുകളും പടിഞ്ഞാറ് അറബിക്കടലുമാണ് നായരമ്പലം പഞ്ചായത്തിന്റെ അതിരുകൾ. 1946 ആഗസ്റ്റിലാണ് നായരമ്പലം പഞ്ചായത്ത് രൂപം കൊണ്ടത്.

16 വാർഡുകളുള്ള നായരമ്പലം ഗ്രാമപഞ്ചായ ത്തിൽ 6445 വീടുകളും 437 സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഹരിത കർമസേന രൂപീകരിച്ച ആദ്യഘട്ടങ്ങളിൽ ജനങ്ങളുടെ സഹകരണത്തിന്റെ അഭാവവും കോവിഡ് പ്രതിസന്ധിയും മൂലം പ്രവർത്തനം മന്ദഗതിയിലായിരുന്നെങ്കിലും നിലവിൽ 6029 കുടുംബങ്ങളെയും 361 സ്ഥാപനങ്ങളെയും ഹരിത കർമസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വാർഡിൽ 3 അംഗങ്ങളും 15 വാർഡുകളിൽ രണ്ട് അംഗങ്ങൾ വീതവും അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ് ഒരു ദിവസം ഒരു വാർഡ് എന്ന രീതിയിൽ ആകെ 31 ഹരിത കർമസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായുള്ള കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ജനങ്ങളെ മുൻകൂട്ടി അറിയിച്ചുമാണ് മാലിന്യ ശേഖരണം നടത്തി വരുന്നത്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിൽ നിലവിൽ ഒരു എംസിഎഫ് പ്രവർത്തിച്ചുവരുന്നു. എം സി എഫിലേക്ക് റോഡ് സൗകര്യം ലഭ്യമാണ്. എം സി എഫിൽ മെഷിനറി ഏരിയ, ശുചി മുറി എന്നിവ ഒഴികെ ; ടിപ്പിങ്ങ് ഏരിയ, സ്റ്റോറോജ് ഏരിയ, സൗകര്യങ്ങൾ ഉണ്ട്. ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ നിലവിലില്ല. 4 മിനി എംസിഎഫുകളാണ് നിലവിലുള്ളത്. വാർഡുകളിൽനിന്ന് ടൈം ടേബിൾ പ്രകാരം എംസിഎഫിലേക്ക് മാലിന്യങ്ങൾ എത്തിക്കുകയും ഓരോ മാസവും അന്തിമ സംഭരണ ഏരിയയിൽ നിന്ന് ശേഖരിച്ച മാലിന്യം ക്ലീൻ കേരള കമ്പനി സമയാസമയങ്ങളിൽ കൊണ്ടുപോകുന്നുണ്ട്.

റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതൊഴിച്ചാൽ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും നിലവിൽ സ്വീകരിച്ച് വരുന്നില്ല. പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ് ഷോപ്പുകൾ പോലുള്ള സംവിധാനം ഒരുക്കുക എന്നിവയൊന്നും നിലവിൽ ചെയ്തിട്ടില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

യൂസർ ഫീ കുറവായ വാർഡുകളിൽ അവബോധം നൽകുന്നതിനായി ഹരിത കർമ്മസേനാംഗങ്ങൾ ഗ്രൂപ്പായി തിരിഞ്ഞു ഭവന സന്ദർശനം നടത്തുന്നുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹ 24,29,405/-വരവ് വന്നിട്ടുണ്ട്. പഞ്ചായത്തിലെ 31 ഹരിത കർമസേനാംഗങ്ങൾക്ക് ശരാശരി ₹8,500.00 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് നൽകൽ, പൊതുവിടങ്ങളിൽ മാലിന്യം തള്ളുന്നവരിൽ നിന്ന് പിഴ ഈടാക്കുക, കൂടാതെ ഇനോക്കുലം വിൽപനയിലൂടെയും ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ സ്വന്തമായി രണ്ട് വാഹനം ഉണ്ട് (രജിസ്റ്റർ നം. KL-42-H.5615, KL-42-W 5392). ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടില്ല. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വീടുകളിൽ ബയോകമ്പോസ്റ്റർ ബിന്നുകൾ നൽകുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും, ഇടങ്ങളിലും മാലിന്യം തള്ളുന്നതിനെതിരെ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്, പിഴ ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ട്. യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് നൽകൽ, മാലിന്യം തള്ളുന്നവരെ കണ്ടെത്തി പിഴ ഈടാക്കൽ എന്നിവ കൂടുതൽ വ്യാപകമായി നടപ്പാക്കേണ്ടതാണ്.

പരിശീലനവും വികസനവും

ഹരിത കർമസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമസേനാംഗങ്ങളുടെ പ്രവർത്തനം മീറ്റിങ്ങ് നടത്തി വിലയിരുത്തുന്നുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം വേർതിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, ബൂട്ട് എന്നിവ വിതരണം ചെയ്യേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്.

1. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള നിലവിലെ എം സി എഫുകളിലെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. എല്ലാ വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. പാതയോരങ്ങളിലും പൊതുവിടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ് ഷോപ്പുകൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

4. മാലിന്യ ശേഖരണവും സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ മേൽനോട്ടത്തിന് ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

5. മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനയ്ക്ക് രണ്ട് ഇലക്ട്രിക് വാഹനം ഉണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിങ്ങ് പരിശീലനം പൂർത്തിയാക്കി അംഗങ്ങളെ തന്നെ വാഹനത്തിന്റെ ഡ്രൈവറായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

6. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

8. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സുരക്ഷ ഉപകരണങ്ങൾ ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകേണ്ടതാണ്. ഫയർ എസ്റ്റിൻഗ്യൂഷർ പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുകയും, അവ ഉപയോഗിക്കാൻ, പരിശീലനം നൽകേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ 16 വാർഡ് മെമ്പർമാരും ഹരിതകർമ്മസേനാംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ഫലപ്രദമായ മാറ്റം കൈവരിച്ച് മാലിന്യമുക്തമായ ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കാനാവൂ. പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും ആവശ്യമായ എല്ലാ സഹകരണവും പ്രോത്സാഹനവും നൽകുന്നതിന് മുൻകൈ എടുക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങളിലെ ചട്ടം എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദ്ധാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	ഷാലിമാർ ഫ്യൂവൽസ്, വൈപ്പിൻ	6
2	ആസ്റ്റിൻ അലുമിനയം വർക്ക്സ്	4
3	ഷവർമ ടൈം	4
4	ജെ.പി മറൈൻ സർവീസ്	4
5	സീയോൺ ഫാസ്റ്റ് ഫുഡ്	3

2. താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	ടോപ്പ് മോസ്റ്റ് ഡെന്റൽ കെയർ	4
2	ഇൻഫാന്റ് മേരി കുറീസ്	2
3	അക്ഷയ കേന്ദ്രം	3
4	യൂണിയൻ യു. പി. എസ്, നെടുങ്ങാട്	7
5	ഹോളി ഗ്രേസ് കുറീസ്	3
6	ഹൃദ്യ ഹോമിയോപ്പതിക്	2
7	ഇ മിത്ര സേവാ കേന്ദ്ര	1

3. 2023-24സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ (അറുപതു ദിവസത്തിനു മേൽ) ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതു വിതരണ കേന്ദ്രങ്ങൾ ലൈസൻസ് എടുക്കുകയോ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സായ നികുതി ഇനങ്ങൾ, പ്രത്യേകിച്ച് തൊഴിൽ നികുതി കൃത്യമായി ഈടാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (8/25-09-2024) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച എല്ലാ മേഖലകളിലെയും/സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങൾ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം.2/25/09/24) കുറിപ്പിന് മറുപടി ലഭിച്ചില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി വരും

വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ച് ആയത് നടത്തുന്നതിനായി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-13 ലൈസൻസ് എടുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം 1184 വാണിജ്യ/ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ ഉണ്ട്. 304 സ്ഥാപനങ്ങൾ മാത്രമേ 2023-24 സാമ്പത്തിക വർഷം ലൈസൻസ് ലഭ്യമാക്കി പ്രവർത്തിക്കുന്നുള്ളൂ. എന്നാൽ ലൈസൻസ് ഫീസിൽ ഉള്ള വരവ് സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യ/ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ 25% മാത്രമേ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളായിട്ടുള്ളു. ഈ വിഷയത്തിൽ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് വക വാടക കെട്ടിടങ്ങളിലെ വ്യാപാരികൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടങ്ങളിലെ താഴെ കൊടുക്കുന്ന വ്യാപാരികൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം.8/26/09/24) കുറിപ്പിന് മറുപടി ലഭിച്ചില്ല.

ക്രമ നം	കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്
1.	7/8	വേലായുധൻ മുരളി
2.	6/16	നോബിൻ ആന്റണി
3.	7/21	കെ എ ജിബിൻ
4.	7/17	എം ജെ തങ്കച്ചൻ
5.	7/7	സ്വരാജ് കെ എസ്
6.	7/3	ആന്റണി
7.	7/10	ബീന ആംബ്രോസ്
8.	8/9	സോയ ജോർജ്
9.	7/20	നോബിൻ പോൾ
10.	7/18	ഫ്രാൻസിസ്
11.	7/19	അനിത നോബിൻ
12.	6/4	ഡേവിഡ്
13.	7/15	ഫാജി
14.	7/6	ഷാജി

കെട്ടിടങ്ങൾ കീഴ്വാടകയ്ക്ക് നല്കിയിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ, കള്ള് ഷോപ്പുകൾ, എന്നിവ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് വക വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യപാര സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കാത്തതിനാൽ പഞ്ചായത്തിന്റെ ലൈസൻസ് ഇനത്തിലുള്ള വരുമാന ചോർച്ച പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

1-14 മൽസ്യ കാപ്പ് ലേലം – അപാകതകൾ

2023-24 സാമ്പത്തിക വർഷത്തെ ലേല രജിസ്റ്റർ, അനുബന്ധ രേഖകൾ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തെക്കേ പശ്ചവേക്കർ- മൽസ്യ കാപ്പ് 2023-24, 2024-25 വർഷത്തേക്ക് 18,31,101/-രൂപയ്ക്ക് ലേലം കൊണ്ട രാധ കൃഷ്ണൻ, അയ്യനേഴത്തിന്റെ 2023-24 ലേല ഫയൽ പരിശോധിച്ചതിൽ പൊതു ലേല നിബന്ധന പ്രകാരം ലേലം ഉറപ്പിക്കുന്നതിനു, ലേല തുകയുടെ നാലിൽ ഒന്ന് (1/4)ലേല ദിവസം അടയ്ക്കേണ്ടതും ബാക്കി തുക 6 തുല്യ ഗഡുക്കളായി 01.04.2023, 31.07.2023, 31.10.2023, 31.10.24, 31.03.24, 31.05.24 എന്നീ

തീയതികളിൽ അടവാക്കേണ്ടതുമാണ്. കരാറുകാരൻ 5 ഗഡുവരെ ആകെ 16,07,032/- അടവാക്കിയിട്ടുണ്ട്. 31.05.24 ലെ അവസാന ഗഡുവായ ബാക്കി തുക ₹2,24,069/- രൂപ അടവാക്കിയിട്ടില്ല. മേൽ കുടിശ്ശികയായ 2,24,069/- രൂപ നാളിതുവരെയുള്ള പിഴ പലിശ (പ്രതിമാസം 1%- കരാർ പ്രകാരം) ചേർത്ത് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

കരാറുകാരൻ കരാർ വ്യവസ്ഥ ലംഘിച്ചാൽ ഈടാക്കാവുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (നിലവിൽ 25,000/-രൂപ) കുടിശ്ശിക ഈടാക്കാൻ പര്യാപ്തമല്ല.

പഞ്ചായത്ത് വകകൾ ലേലം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള ബൈലോ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനങ്ങൾ എന്നിവ ഹാജരാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 19/01.10.24 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

1-15 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-135320/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ, പേര്	എസ് 0023/24 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹200000/-
ചെലവ്	₹200000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ
ബിൽ നം/വൗച്ചർ നം.	144/13.11.23 42301125/18.12.23 ₹200000/-

മെഡിക്കൽ ഓഫീസർ (ഹോമിയോ)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിൽ ₹200000/- രൂപ ഹോംകോയ്ക്ക് (കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസി) നൽകിയതിൽ LF .753/29.07.24 നമ്പർ ഇൻവോയ്സ് പ്രകാരം ₹ 64680/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി ₹135320/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 01/23.9.24) മറുപടി ലഭിച്ചില്ല.
മരുന്ന് ലഭിക്കുവാൻ വൈകുന്നത് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന വിവരങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതിന് വിധേയമായി ₹1,35,320/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.12,13,005/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2023-24 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക്(നം 05/23.09.24) ലഭ്യമാക്കിയ മറുപടിയിൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തു നല്കിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക ₹12,13,005/- തടസ്സപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	ബിൽ നം /വൗച്ചർ നം /തീയതി – തുക
1	എസ്0007/24	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	₹1120000/-വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്	വൗച്ചർ നം 22301092 /31.03.24- ₹1120000/-
2	എസ്0003/24	ഐ.കെ.എം വിഹിതം	₹93005/- വികസന ഫണ്ട്(ജനറൽ)	ബിൽ നം 66/4.8.23 വൗച്ചർ നം. 42301046/ 4.8.23 ₹92730/- ബിൽ നം 116/10.10.23 വൗച്ചർ നം.42301071/

				10.10.23 ₹275/-
		ആകെ	₹12,13,005/-	

1-17 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല. -

വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകളിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം ഇനിയും ക്രമീകരിക്കാതെ തുകകൾ അവശേഷിക്കുന്നുണ്ട്.

കോഡ്	ഹെഡ്	തുക
460500801	അഡ്വാൻസ് ടു എം.ജി.എൻ.ആർ.ഇ.ജി.എ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ്	₹1936688
460400201	അഡ്വാൻസ് ടു കോൺട്രാക്ടേഴ്സ്	₹356712
460100199	അദർ അഡ്വാൻസ്	₹31680

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൌച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണവും ഇക്കാര്യത്തിൽ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.6 / 25.09.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

460500801 എന്ന ശീർഷകത്തിലുള്ള തുക ₹1936688 ഓഡിറ്റ് വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർക്ക് സാലറി ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകയാണെന്നും സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

460400201 ശീർഷകത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന ₹356712/- തീരപ്രദേശത്ത് മണൽവാട നിർമ്മിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകയാണെന്നും കൊച്ചി താലൂക്ക് ഓഫീസിൽ കത്ത് നൽകിയിട്ടുണ്ടെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.
460100199 ശീർഷകത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന ₹31680/- സാക്ഷരത പ്രേരകിന് ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകയാണെന്നും സാക്ഷരത മിഷനിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മുൻകൂർ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം- തുടർ നടപടികൾ സ്വീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	S0193/24, പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം
അടങ്കൽ	₹75000/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹66347/-
വൗച്ചർ നം.	42300185/27.6.2023

നായരമ്പലം പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം എന്ന പദ്ധതിയിൽ ഓഫീസിന്റെ മുൻ വശത്ത് പുല്ല് വച്ച് പിടിപ്പിച്ച് ലാന്റ് സ്കേപ്പിംഗ് നടത്തുന്നതിനും പൂച്ചെടികൾ വച്ച് മോടിപ്പിടിപ്പിക്കുന്നതിനും കരാർ ലഭിച്ച ഗ്രീൻ കെയർ ഡിസൈനേഴ്സ് എന്ന സ്ഥാപനത്തിന് 66347/- രൂപ നൽകിയിട്ടുണ്ട്. ലാന്റ് സ്കേപ്പിംഗ് ബിൽ പ്രകാരം ആകെ 550 ചതുരശ്ര അടി എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ചെയ്ത ഏരിയ എത്രയെന്ന് വ്യക്തമല്ല. നിലവിൽ പുല്ല് വച്ച് പിടിപ്പിച്ച് ലാന്റ് സ്കേപ്പിംഗ് നടത്തിയ സ്ഥലത്ത് കാട് നിറഞ്ഞ അവസ്ഥയാണ്. ലാന്റ് സ്കേപ്പിംഗ് നടത്തിയ ഭാഗത്ത് തുടർ പരിപാലനം നടത്താതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/25.09.24) ഏരിയ കണക്കാക്കി നൽകിയത് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആണെന്നും തനത് ഫണ്ട് ഉപയോഗിച്ച് 3

തവണ കള വെട്ടുകയും അലങ്കാര ചെടികൾ വെട്ടി നിർത്തിയതായും അറിയിച്ചു.
ഓഫീസ് സൗന്ദര്യവത്ക്കരണം നടപ്പാക്കിയ ഗ്രീൻ കെയർ ഡിസൈനേഴ്സ് എന്ന സ്ഥാപനം നടത്തിയ പ്രവർത്തനങ്ങളുടെ തുടർ നടപടികൾ സ്വീകരിച്ച് നിലനിർത്തുക എന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃത്യമായ വാലുവേഷൻ നടത്തി വർക്ക് ബിൽ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയായതായി ഉറപ്പ് വരുത്തേണ്ടതാണ്. സൗന്ദര്യവത്ക്കരണത്തിനായി 66347/-രൂപ ചെലവഴിച്ച് ഏതാണ്ട് ഒരു വർഷത്തിനുള്ളിൽ തന്നെ ഈ ഭാഗം കാട് കയറി പഞ്ചായത്ത് ഓഫീസിന്റെ ശോഭ കെടുത്തുന്ന നിലയിൽ കാണപ്പെടുന്നത് മാതൃകാപരമല്ല.

1-19 വിദ്യാർത്ഥിനികൾക്ക് കായിക പരിശീലന ഉപകരണങ്ങൾ- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ	എസ്0027/24
പ്രോജക്ടിന്റെ പേര്	വിദ്യാർത്ഥിനികൾക്ക് കായിക പരിശീലന ഉപകരണങ്ങൾ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	25,000/-(വികസന ഫണ്ട് പൊതു വിഭാഗം)
ചെലവ്	24980/- വൗച്ചർ നം. 42301220/14.2.2024

സ്പോർട്സ് ആന്റ് ഗെയിംസ് ഡെവലപ്പ്മെന്റ് കൗൺസിൽ നായരമ്പലം എന്ന സ്ഥാപനത്തിൽ വോളിബോൾപരിശീലനം നേടുന്ന വിദ്യാർത്ഥിനികൾക്ക് കായികപരിശീലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട്. കമ്പ്ടേഷൻ മുഖേന പ്ലേ വെൽ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് വോളി ബോൾ -5(നിവിയ സ്പോർട്ട് വാലി), വോളിബോൾ - 8 (നിവിയ സൂപ്പർ സിന്തറ്റിക്), വോളി ബോൾ നെറ്റ്-2 (വിക്ടൺ പ്രീമിയം), ബാറ്റ്മിന്റൺ ഷൂ-എ എസ് ഇ (12 ജോഡി), ആങ്കിൾ സോക്സ്-(12 ജോഡി) എന്നിവ വാങ്ങി. ഈ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ചുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ(കൈ)നം84/22/തസ്വഭവ തിയതി 19/04/22 8.11(10) പ്രകാരം സർക്കാർ സഹകരണ മേഖലയിലുള്ള അംഗീകൃത സ്പോർട്സ് അക്കാദമികൾക്ക് പരിശീലന ഉപകരണങ്ങൾ നൽകുന്നതിനാണ് ഇപ്രകാരം പ്രോജക്ട് ഏറ്റെടുക്കാവുന്നത്.
മേൽ സ്ഥാപനം ഇപ്രകാരമുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.09.24) ലഭ്യമാക്കിയ മറുപടിയിൽ പ്ലേ വെൽ സ്പോർട്സ് എന്ന സ്ഥാപനത്തിന് കേരള സ്പോർട്സ് ആന്റ് ഗെയിംസ് ഡെവലപ്പ്മെന്റ് കൗൺസിലിന്റെ അംഗീകാരമുണ്ടെന്ന് മറുപടി നൽകിയെങ്കിലും അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. പദ്ധതി മാർഗരേഖ പ്രകാരം മാത്രം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

1-20 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തുടരുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റുകൾ ഏത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും വിനിയോഗിക്കാതെ ബാദ്ധ്യതയായി തുടരുന്നതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (04/03.09.2024) ലഭ്യമാക്കിയ മറുപടിയിൽ 2004-05 മുതൽ ലഭിച്ച ഫണ്ടുകൾ ഏത് അക്കൗണ്ട് ഹെഡിലേക്കാണ് തിരിച്ചടക്കേണ്ടത് എന്ന നിർദേശം ലഭിക്കുന്ന മുറയ്ക്ക് അതത് ഹെഡിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി കമ്മറ്റിയുടെ അംഗീകാരത്തോടെ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ്	മുന്നിരുപ്പ് വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്

സ്വർണ്ണ ജയന്തി റോസ്ഗാർയോജന (മൈനോറിറ്റീസ്) 320100180	346138	0	346138	0	346138
ടോട്ടൽ സാനിട്ടേഷൻ 320100181	1552232	0	1552232	0	1552232
വിമുക്തി 320100190	14460	0	14460	0	14460
ഹോമിയോപ്പതി ക്യാപിറ്റൽ 320200208	500000	0	500000	498833	1167
ഗ്രാന്റ്സ്, ഫണ്ട്സ്, കോൺട്രിബ്യൂഷൻ-അദർ പർപ്പസസ് 320200399	11236	0	11236	0	11236
ഗ്രാന്റ്സ്, ഫണ്ട്സ്, കോൺട്രിബ്യൂഷൻ ടോട്ടൽ സാനിറ്റേഷൻ 320300103	263131	0	263131	0	263131
ഗ്രാന്റ്സ്, ഫണ്ട്സ്, കോൺട്രിബ്യൂഷൻ-അദർ ഗവൺമെന്റ് ഏജൻസീസ് 320300199	243828	21807	265635	21807	243828
ഗ്രാന്റ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് 320400199	10000	0	10000	0	10000
കോൺട്രിബ്യൂഷൻ-ബ്ലോക്ക് പഞ്ചായത്ത് 320700404	703200	0	703200	0	703200

1-21 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷുറൻസ് എടുക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-42 V5660 നമ്പർ മഹീന്ദ്ര ബൊലീറോ നിയോയുടെ 2023-24 വർഷത്തെ ഇൻഷുറൻസ് (പോളിസി നം. 3001/MM-18159003/00/000/ തിയതി 12.05.23 തുക-66000) സ്വകാര്യ ഇൻഷുറൻസ് സ്ഥാപനമായ ഐ.സി.ഐ.സി.ഐ ലൊമ്പാർഡ് ജനറൽ ഇൻഷൂറൻസ് കോ കമ്പനി ലിമിറ്റഡിൽ നിന്നുമാണ് എടുത്തിട്ടുള്ളത് (വൗച്ചർ നമ്പർ.42304017/ 10.05.23ബിൽ നം.10/10.05.23₹877136/- വികസന ഫണ്ട് ജനറൽ). 07.8.21ലെ സർക്കുലർ നമ്പർ-ബി2/278/2019 - ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ 02/2024/ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിക്കാതെ സ്വകാര്യ ഇൻഷുറൻസ് കമ്പനിയിൽ നിന്നും വാഹനത്തിന് ഇൻഷുറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/01.10.24) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും തുടർന്ന് ഇൻഷുറൻസ് എടുക്കുന്നതാണെന്നാണ് അറിയിച്ചത്. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-22 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് പ്രോജക്ടിലെ അപാകതകൾ

പ്രോജക്ട് നമ്പർ	11/23
പ്രോജക്ടിന്റെ പേര്	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
അടങ്കൽ	7,61,628
ചെലവ്	5,80,288
ബിൽ നം/ തീയതി	694/ 20.12.23 708/03.01.24 710/08.01.24 725/17.02.24 762/02.03.24 763/03.03.24
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. 28.05.2022 തീയതിയിലെ സ.ഉ.(കൈ)നം.115/2022/എൽ.എസ്.ജി.ഡി നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ /എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാം.

ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ലാപ്ടോപ്പ് സപ്ലൈ ചെയ്തത് സ്റ്റോക്കിൽ എടുത്തിട്ടില്ല. ആയതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പദ്ധതി മാർഗരേഖ ഖണ്ഡിക 2.18 പ്രകാരം 25,000 രൂപയിൽ കൂടുതൽ ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ ഗുണഭോക്താവുമായി മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കേണ്ടതാണ്. എന്നാൽ ആയതു പാലിച്ചിട്ടില്ല.

മേൽ ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം.11/28/09/24) കുറിപ്പിന് ലഭിച്ച മറുപടി തൃപ്തികരമല്ല.
ഹാജരാക്കിയിരിക്കുന്ന രേഖകൾ പ്രകാരം റീറെയ്ൽ വാല്യൂ ഉള്ള സാധാരണ വസ്തുക്കൾ കൈമാറുന്ന പോലെ ആണ് സ്റ്റോക്ക് രജിസ്റ്ററിൽ കുറവ് വരുത്തിയിരിക്കുന്നത്, മണി വാല്യൂ ഉള്ള ലാപ്ടോപ്പ് പോലുള്ള ഉപകരണങ്ങൾ ഗുണഭോക്താക്കൾക്കു നൽകുമ്പോൾ സിസ്റ്റം ഐ.ഡി. നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തതിനു ശേഷം മാത്രം കൈമാറേണ്ടതാണ്. ഗുണഭോക്താവുമായിട്ട് മുദ്രപത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ സർക്കാരിനു ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. , പേര്	എസ്.46/24 ലൈഫ് ഭവന പദ്ധതി - എസ്.സി.പി 2023-24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക, ഫണ്ടിനം	₹ 34,39,498/- (വികസന ഫണ്ട് - എസ്.സി.പി) ₹43,00,000/- (സംസ്ഥാന വിഹിതം) ₹27,10,502/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹16,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) ₹51,50,000/- (ഹഡ്കോ ലോൺ)
ചെലവ് തുക	₹3438500/- (വികസന ഫണ്ട് - എസ്.സി.പി) ₹17,23,000/- (സംസ്ഥാന വിഹിതം) ₹137,8,500/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹6,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) ₹0/- (ഹഡ്കോ ലോൺ)
ബിൽ നം., തീയതി, തുക	വിവിധ ബില്ലുകൾ (55 എണ്ണം)

വി.ഇ.ഒ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുടെ (എസ്.സി) രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണോദ്യോഗസ്ഥരുടെ "സ്റ്റേജ് പരിശോധന" റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തി കാണുന്നില്ല, ഓരോ സ്റ്റേജിലും റിപ്പോർട്ട് ഉൾപ്പെടുത്താതെ തുക അനുവദിച്ചതിനു വിശദീകരണം നൽകേണ്ടതാണ്.

2. ഗുണഭോക്താക്കളുമായി വെയ്ക്കുന്ന കരാർ അപൂർണ്ണമാണ്. എതാനും ഫയലുകളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി (എസ്.സി)		
ക്രമ നം.	പേര്	വാർഡ്
1	മല്ലിക എ എൻ	11

2	സൗമ്യ സുമേഷ്	6
3	സിജിമോൾ കെ സി	10

3. ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഭവന നിർമ്മാണത്തിനായി താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായ ₹40,000/- നൽകിയെങ്കിലും പിന്നീട് തുകയൊന്നും നൽകിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, ലൈഫ് ഐ.ഡി	തുക നൽകിയ തീയതി	ആകെ തുക
1.	ലത മദനൻ, വാർഡ് - 3/ LIFE/7/660/24442	19.6.2023	40,000/-

പ്രസ്തുത ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.17/01/10/24) മറുപടി ലഭ്യമാക്കിയില്ല.
ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേറ്റ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താവുമായുള്ള കരാറുകളിലെ വിവരം വ്യക്തമായും പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്. മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ, ആദ്യ ഗഡു കൈപ്പറ്റി തുടർന്ന് ധനസഹായം സ്വീകരിക്കാത്തവരുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്. വീട് പണി പൂർത്തിയാകുന്നതോടെയാണ് പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നത്. അതിനാൽ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയവർ എന്തുകൊണ്ടാണ് തുടർ ഗഡുക്കൾ കൈപ്പറ്റാത്തതെന്നും, അവരുടെ ഭവനനിർമ്മാണം തുടങ്ങിയിട്ടില്ലെങ്കിൽ, കാരണം അന്വേഷിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-24 മണൽവാട നിർമ്മാണം - അപാകതകൾ

കടലാക്രമണത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പഞ്ചായത്തിലെ വാർഡ് 12-ൽ മണൽവാട നിർമ്മിച്ചിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ രണ്ടെണ്ണമാണ് ലഭിച്ചിരിക്കുന്നത്. ഹിറ്റാച്ചി മണിക്കൂർ ഒന്നിന് 1825/- രൂ. നിരക്കിലും ജെസിബി മണിക്കൂർ ഒന്നിന് 1150/-രൂ. നിരക്കിലും രേഖപ്പെടുത്തിയ ശ്രീ. ജോസഫ് ടി. എ., താന്നിപ്പിള്ളി എന്നയാളുടെ ക്വട്ടേഷനാണ് അംഗീകരിച്ചിരിക്കുന്നത്. രണ്ട് ക്വട്ടേഷനുകളും നൽകിയ വ്യക്തികളുടെ മേൽവിലാസം ഒന്നു തന്നെയായതിനാൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ ആണെന്ന് കണക്കാക്കാനാവില്ല.

3മീറ്റർ അടിഭാഗം വീതിയും മുകൾ ഭാഗം 2 മീറ്റർ വരെ വീതിയും 2.7 മീറ്റർ ഉയരവും ഉള്ള ഈ ബണ്ട് നിർമ്മാണത്തിന് ജെസിബി/ഹിറ്റാച്ചി ഉപയോഗിക്കുന്നതിന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ അളവുകളിൽ പല തരത്തിലാണ് മണിക്കൂർ നിരക്ക് കണക്കാക്കിയിരിക്കുന്നത്. ആയത് താഴെ ചേർക്കുന്നു.

ഇനം	ആദ്യത്തെ അളവ് 24.5.23 (മണിക്കൂർ)	രണ്ടാമത്തെ അളവ് 25.5.23 (മണിക്കൂർ)	മൂന്നാമത്തെ അളവ് 27.6.23 (മണിക്കൂർ)	നാലാമത്തെ അളവ് 17.8.23 (മണിക്കൂർ)
400m നീളം 1.5 M ഉയരം	12	-	-	
1000m നീളം 1.5 M ഉയരം	-	96	125	125
ബണ്ട് നിർമ്മാണം Full Depth 150 M നീളം	32	40	33.750	22.5 X2no.S
പുതിയ ബണ്ട് നിർമ്മാണം 150 M	32	32	33.750	21.375 X 2 No.S
2.5 M നീളം Full Depth 5	8	8	2.80	-

സ്ഥലങ്ങളിൽ				
ആകെ മണിക്കൂർ	104	176	195	212.750
ആകെ തുക (ജിഎസ്ടി ഉൾപ്പെടെ)	170626	288752	378092	412000

ആദ്യം 170626/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് പിന്നീട് 378092/- രൂപയായി ഉയർന്നു. റവന്യൂ വകുപ്പിൽ നിന്നും ഈ തുക അനുവദിച്ചു നൽകിയിട്ടില്ലാത്തതിനാൽ തനത് ഫണ്ടിൽനിന്നും 378092/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 25.5.23 -ലും 27.6.23 -ലും ഒരേ അളവുകളിലുള്ള വേലക്ക് വ്യത്യസ്ത മണിക്കൂർ അളവുകൾ കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല.

13. 6.23 – ൽ എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹു. കളക്ടർക്ക് അയച്ചുനൽകിയിട്ടുള്ള എക്സ്കവേറ്ററിന്റെ ടിപ്പിക്കൽ എസ്റ്റിമേറ്റ് 3.5 മീറ്റർ അടിഭാഗം വീതിയും മുകൾ ഭാഗം 2.5 മീറ്റർ വരെ വീതിയും 3 മീറ്റർ ഉയരവും ആണ്. സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഈ അളവുകൾ മാറ്റം വരുത്താവുന്നതും അതനുസരിച്ചുള്ള നിരക്കുകൾ എടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ തീയതിക്ക് ശേഷമാണ് മൂന്നാമത്തെ നിരക്ക് എഞ്ചിനീയറെക്കൊണ്ട് തയ്യാറാക്കിച്ചിരിക്കുന്നത്.

കരാറുകാരൻ ജെസിബി ഉപയോഗിച്ചിരിക്കുന്നത് 27.5.23 മുതൽ 13.7.23 വരെ 130.7 മണിക്കൂർ @1150/Hr നിരക്കിലും ഹിറ്റാച്ചി 11.6.23 മുതൽ 25.7.23 വരെ 113.1 മണിക്കൂർ @1825നിരക്കിലും ആണ്. ഇതിനെല്ലാം പുറമേ 17.8.23- ൽ മറ്റൊരു അളവും കൂടി തയ്യാറാക്കിയിട്ടുള്ളതിലും മണിക്കൂർ അളവ് വ്യത്യസ്തമാണ്. ആദ്യമേ സ്ഥലപരിശോധന നടത്തിയാണ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആയതിൽനിന്നും ചെറിയ വ്യതിയാനം സംഭവിക്കാമെങ്കിലും ആദ്യം കണക്കാക്കിയ 400m നീളം 1.5 M ഉയരം എന്നത് 1000m നീളം 1.5 M ഉയരം എന്നായി മാറിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തല്ല.

മുൻവർഷങ്ങളിലും ഇപ്രകാരം മണൽവാട പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ഇത് പൂർണ്ണമായും തകർന്നു പോകാത്തതിനാൽ ഇതിന്റെ അളവ് കുറച്ചിട്ടല്ല പുതിയതായി മണൽവാടക്കുള്ള എസ്റ്റിമേറ്റ് എടുത്തിരിക്കുന്നത്.

ഭാവിയിൽ മണൽവാട നിർമ്മിക്കുമ്പോൾ മേൽപ്രകാരമുള്ള അപാകതകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 മരം വെട്ടൽ - അപാകതകൾ

വാർഡ് 4 – ൽ ഹോമിയോ ഡിസ്പെൻസറി കെട്ടിട വളപ്പിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന് 20000/- ആണ് ശ്രീ ബിജു എം എം എന്നയാൾക്ക് ചാർജ് നിശ്ചയിച്ചിരിക്കുന്നത്. വിറക് ഇനത്തിൽ 750/- രൂപക്ക് മരം വെട്ടിയ ശ്രീ ബിജു എം എം തന്നെ കട്ടേഷൻ വച്ചിട്ടുണ്ട്. ബാക്കി 19250/- (ചെക്ക് നമ്പർ 163297/29.9.23) രൂപയാണ് ടിയാൾക്ക് വെട്ടുകൂലിയായി നൽകിയിരിക്കുന്നത്. വിറകിന് 750/- രൂപ വെട്ടിയയാൾ തന്നെ നിശ്ചയിച്ച വിലയായതിനാൽ 750/- രൂപയുടെ ചില്ലകൾ വെട്ടി മാറ്റുന്നതിന് 20000/- രൂപ ചെലവാക്കിയത് അസ്വാഭാവികതയാണ്.

കൂടാതെ സെക്രട്ടറിയുടെ 13.7.23 – ലെ C1-3654/23 നടപടിക്രമം പ്രകാരം BVHS സ്കൂളിന്റെ ഗേറ്റിനടുത്തായി മതിലിനോട് ചേർന്ന് PWD വക സ്ഥലത്ത് നിൽക്കുന്ന മരം വെട്ടുന്നതിന് ഉത്തരവായിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ PWD അധികാരികളുടെ അനുമതി തേടിയതായി കാണുന്നില്ല. മരങ്ങൾ നേരത്തേ തന്നെ ഉള്ളതായതിനാൽ അപകടാവസ്ഥയിലാകുന്നതിന് മുൻപേ തന്നെ ഇതിന്റെ ഉടമസ്ഥരായ PWD വകുപ്പിനെ വിവരം അറിയിച്ച് തുടർനടപടി സ്വീകരിക്കുന്നതിനു പകരം പഞ്ചായത്തിൽ നിന്നും തുക ചെലവാക്കി വെട്ടി മാറ്റാൻ തീരുമാനിച്ചത് അപാകതയാണ്.

1-26 മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഇല്ല

തൻവർഷം തനത് ഫണ്ടിൽ നിന്നും മഴക്കാലപൂർവ്വ ശുചീകരണത്തിനായി 10000/- രൂപ വീതം വാർഡ് സാനിറ്റേഷൻ സമിതികളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വാർഡ് III – ൽ 25.05.23ന് 10000/- രൂപ, പിൻവലിച്ച് തേയ്ക്കാനത്ത് തോട് ക്ലീനിംഗ് എന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. ഫോഗിംഗ് ചാർജ് ഇനത്തിൽ 2250/- രൂപയും സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ആകെ 2750/- രൂപയും 27.2.24 വരെ

ചെലവഴിച്ചിട്ടുണ്ട്. പിന്നീട് 13.03.24 -ൽ മുൻവർഷം അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 10000 രൂപ കൂടി പിൻവലിച്ചിട്ടുണ്ട്. ഡ്രെയിനേജ് ക്ലീനിംഗിനായുള്ള ചെലവ് എന്നാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എസ് ബി ഐ അക്കൗണ്ട് നമ്പർ 6704159566-1 പ്രകാരം താരാ കൃഷ്ണ എന്ന പേരിൽ ക്യാഷ് ആയിട്ടാണ് തുക പിൻവലിച്ചിരിക്കുന്നത്. തേയ്ക്കാനത്ത് തോട് ക്ലീനിംഗ് എന്ന പ്രവൃത്തി ഒഴികെ വേറെ ചെലവുകളുടെയും രേഖകൾ ഫയലിൽ ഇല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.23 – ലെ WM3/38/2023-LSGD നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രവർത്തന കലണ്ടർ പ്രകാരം വാർഡുകൾ പൂർണ്ണമായും വൃത്തിയാക്കൽ (പൊതു ശുചീകരണം) ഏപ്രിൽ 30 –നകം ആണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. അതിനു വിരുദ്ധമായി മഴക്കാലം അവസാനിച്ച് കടുത്ത വേനൽക്കാലത്താണ് തുക പിൻവലിച്ചിരിക്കുന്നത്.
ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകതകൾ

2023-24 വർഷത്തെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങൾക്ക് ശേഷം സസ്പെൻഡ് ചെയ്യുന്നവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ നിലനിൽക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല, മരണശേഷം സസ്പെൻഡ് ചെയ്യാത്തതിനാൽ ചില അക്കൗണ്ടുകൾ നിലവിലും ആക്ടീവ് ആയി തുടരുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വാർദ്ധക്യകാല പെൻഷൻ

ക്രമ നം.	പെൻഷണർ ഐ ഡി	ഗുണഭോക്താവിന്റെ പേര്	മരണപ്പെട്ട തീയതി	കാലയളവ്	സ്റ്റാറ്റസ്
1	106600212104	റോസി ആൻറ്റണി	16.01.2024	05/2024 മാസം വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	ആക്ടീവ്
2	106600610953	സരസ.കെ.വി	9.02.2024	05/2024 മാസം വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	ആക്ടീവ്
3	106600100239	പുരുഷൻ. കെ.സി	27.04.2024	05/2024 മാസം വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	ആക്ടീവ്
4	106600600272	സരസ.കെ.വി	13.02.2024	05/2024 മാസം വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു	ആക്ടീവ്

ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായ തുകകൾ ആരുടെ കൈവശമാണെന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 27/09/2024ലെ 10-ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക്, മരണശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ തുക സാമൂഹ്യസുരക്ഷാ പെൻഷൻ അക്കൗണ്ടിലേക്ക് തിരികെ അടവാക്കുന്നതിന് പ്രസ്തുത ഗുണഭോക്താക്കളുടെ ബാങ്കുകൾക്ക് 28/09/2024ന് നിർദ്ദേശം നൽകിയെന്ന് മറുപടി നൽകിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/2021 DBT(DP)നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. (A/C No.001101023000269, IFS Code KSBK 0000101). മേൽ തുകകൾ തിരികെ കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിൽ അടവാക്കിയ തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ഓഡിറ്റിൽ

ലഭ്യമാക്കേണ്ടതാണ്.

2. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻകായറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3. ഓരോ പിരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

4. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരം താഴെ ചേർക്കുന്നു.

വിഹിതം നൽകിയ	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	2022-23 ചെലവ്	നീക്കിയിരുപ്പ് തുക

സ്ഥാപനം				
എറണാകുളം ജില്ലാ പഞ്ചായത്ത്	1120000	ലൈഫ് ഭ്രമിയുള്ള ഭനവരഹിതർക്ക് ഭവനം ജനറൽ (S0099/24)	1120000	0
	600000	ലൈഫ് ഭ്രമിയുള്ള ഭനവരഹിതർക്ക് ഭവനം എസ്.സി(S0046/24)	600000	0
	20500	ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം (S0053/24)	20500	0
	375000	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0017/24)	375000	0
	15000	പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ ഉല്പാദനോപാദികളുടെ വാങ്ങൽ(S0090/24)	15000	0
	105600	നെൽകൃഷി വികസനം (S0077/24)	105600	0
	176600	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും (S0051/24)	176600	0
	2412700	ആകെ	**2412700**	0
ബ്ലോക്ക് പഞ്ചായത്ത്	1811250	ലൈഫ് ഭ്രമിയുള്ള ഭനവരഹിതർക്ക് ഭവനം ജനറൽ(99/24)	1811250	0
	1378500	ലൈഫ് ഭ്രമിയുള്ള ഭനവരഹിതർക്ക് ഭവനം എസ്.സി(S0046/24)	1378500	0
	125572	പാലിന് സബ്സിഡി (S0044/24)	125572	0
	100000	അന്നപൂരകപോഷകാഹാരം (ജനറൽ) (S0047/24)	100000	0
	500000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള ധനസഹായവും ബത്തയും (S0051/24)	500000	0
	15000	പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ ഉല്പാദനോപാദികളുടെ വാങ്ങൽ(S0090/24)	15000	0
	105600	നെൽകൃഷി വികസനം (S0077/24)	105600	
	4035922	ആകെ	4035922	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ബിൽ നമ്പർ - തിയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	31.03.2024 ൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ (S007/24)	22301092/31.03.24	₹**1120000**	0	₹**1120000**
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S008/24)	ബിൽ നമ്പർ 283/22.01.24-₹130350 ബിൽ നമ്പർ 299/05.02.24-₹6100 ബിൽ നമ്പർ 343/24.02.24-₹59600	₹196050	₹196050	0
		ആകെ	₹1316050	₹196050	₹**1120000**

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തുക തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/	ഉത്തരവ്	വായ്പ	വർഷാരംഭത്തിൽ	തൻവർഷം	തൻവർഷം	വർഷാവസാനം

ഉദ്ദേശ്യം	നമ്പർ /തീയതി	തുക	തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	ലഭിച്ച വായ്പ തുക	തിരിച്ചടച്ച തുക		തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
കെയുആർഡിഎഫ്സി ഭവന വായ്പ (ലൈഫ്)	സ.ഉ.(എം.എസ്) നം.68/2018/ത.സ്വ.ഭ.വ തീയതി. 18.05.2018	1738000	12238764	150000	1823236	0	10565528
ഹഡ്കോ ഭവന വായ്പ (ലൈഫ്)	സ.ഉ.(എം.എസ്) നം.68/2018/ത.സ്വ.ഭ.വ തീയതി. 18.05.2018	12900000	0	12900000	89	0	12,899,911

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട, നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08	3-10	2009-10	2.8	ഡെപ്പോസിറ്റ് വർക്കിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്.	വൈദ്യുതി ബോർഡിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഡെപ്പോസിറ്റ് വർക്കിൽ മിച്ചം വന്ന തുക ലഭിച്ചിട്ടുണ്ട്
2014-15	2-1	2016-17	2.1	സ്ഥാപന തൊഴിൽ നികുതി	തുക അടവാക്കിയിട്ടുണ്ട്
2015-16	2-1	2016-17	2.2	സ്ഥാപന തൊഴിൽ നികുതി	തുക അടവാക്കിയിട്ടുണ്ട്
2019-20	1-20	2020-21	1-1	മരണപ്പെട്ടവരുടെ ക്ഷേമ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യ	കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തുക തിരികെ അടവാക്കിയത് സംബന്ധിച്ച് നായരമ്പലം സർവ്വീസ് സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	: 60,225,073.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	: 62,455,28300
വരവിനങ്ങളിലുള്ള നഷ്ടം	: 0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: 1348325

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	135320	ഡോ. ജീന, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-16	1213005	ശ്രീമതി ഗായത്രി.എം.വി, സെക്രട്ടറി, നായരമ്പലം ഗ്രാമപഞ്ചായത്ത്
ആകെ	1348325	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കേന്ദ്ര സർക്കാർ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ഡോ.ജീന മെഡിക്കൽ ഓഫീസർ ഹോമിയോ	മെഡിക്കൽ ഓഫീസർ ഹോമിയോ, നായരമ്പലം ഗ്രാമപഞ്ചായത്ത്	നടുവിലകത്ത് ഹൗസ്, എടവനക്കാട് (പി.ഒ), എറണാകുളം ജില്ല
2	ശ്രീമതി ഗായത്രി.എം.വി, സെക്രട്ടറി നായരമ്പലം ഗ്രാമപഞ്ചായത്ത്	സെക്രട്ടറി നായരമ്പലം ഗ്രാമപഞ്ചായത്ത്	ഹൗസ് നം. 164A, ക്ലബ് റോഡ്, ഗിരിനഗർ, കടവന്ത്ര

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം
1996-97(വരവ്)	എൽ.എഫ്.ഇ(പി3)110/2015 തീയതി:10.06.2015
1996-97(ചെലവ്)	
1997-98(വരവ്)	
1997-98(ചെലവ്)	
1998-99(വരവ്)	
1998-99(ചെലവ്)	
2002-03	എൽ.എഫ്.ഇ(പി3)1287/07/30.11.2007
2003-04	എൽ.എഫ്.ഇ(പി3)1302/09/08.12.08
2005-06	എൽ.എഫ്.ഇ(പി3)1304/09/08.12.08
2007-08	എൽ.എഫ്.ഇ(പി3)1945/08/14.09.09
2009-10	എൽ.എഫ്.ഇ(പി3)450/11/14.09.09
2011-12	എൽ.എഫ്.ഇ(പി3)2211/13 27.12.13
2012-13 & 2013-14	എൽ.എഫ്.ഇ(പി3)351/15 03.03.2015
2014-15	കെ.എസ്.എ-ഇ.കെ.എം.(പി3)1192/16/20.7.16

2015-16	കെ.എസ്.എ-ഇ.കെ.എം.(പി3)1993/16 Dt.15.12.16
2016-17	കെ.എസ്.എ-ഇ.കെ.എം.(പി3)1657/17 Dt.21.10.17
2017-18	കെ.എസ്.എ-ഇ.കെ.എം.(പി3)363/19 Dt. 19.03.19
2018-19	കെ.എസ്.എ-ഇ.കെ.എം.(പി3)277/20 Dt 13.03.20
2019-20	കെ.എസ്.എ-ഇ.കെ.എം.(പി3)516/21 Dt 13.03.20
2020-21	കെ.എസ്.എ-ഇ.കെ.എം.(പി3)1177/21 Dt 08.08.2022
2021-22	കെ.എസ്.എ-ഇ.കെ.എം.(പി3)65/23 Dt 11.4.2023
2022-23	കെ.എസ്.എ-ഇ.കെ.എം.(പി3)1211/23 Dt 05.10.2023

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 10-06-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nayarambalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nayarambalam Grama Panchayat as on 31-03-2024

Date: 01/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nayarambalam Grama Panchayat for the Year 2023-2024.

1.Major Observations

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

2. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

2.Other Observations

1. Property tax figures do not match between the annual financial statements and Sanjaya figures.

2. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

3. Cash Flow statement Net increase / decrease in cash flow do not match with difference between

opening balance and closing balance.

4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്